ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 16.04.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. 2030 ആകുമ്പോഴേക്കും അമേരിക്കയുമായുള്ള ഇന്ത്യയുടെ വ്യാപാരം 50,000 കോടി ഡോളറിലെത്തുമെന്ന് കേന്ദ്ര സർക്കാർ.

   **The government said that India's trade with the United States is expected to grow and reach 500 billion dollars by 2030.**

2. ഗിഗ്, ലോജിസ്റ്റിക് തൊഴിൽ മേഖല ശക്തമാക്കാൻ ഓൺലൈൻ ഭക്ഷ്യ വിതരണ കമ്പനിയുമായി ധാരണാപത്രം ഒപ്പുവച്ച് തൊഴിൽ മന്ത്രാലയം.

   **The Ministry of Labour has signed a memorandum of understanding with online food delivery company to strengthen the gig and logistics employment sector.**

3. മാർച്ച് മാസത്തിൽ രാജ്യത്തെ വിലക്കയറ്റത്തോത് ആറു വർഷത്തെ ഏറ്റവും കുറഞ്ഞ നിലയിൽ.

   **India's retail inflation eased to 3.34 per cent in the last month;, it is the lowest year-on-year inflation in nearly six year.**

4. രാജ്യത്തെ ദേശീയപാതയിലൂടെയുള്ള ചരക്ക് ഗതാഗതം 14.55 കോടി ടൺ എന്ന റെക്കോർഡ് നേട്ടത്തിൽ.

   **Country's National Waterways reached a record high of 145.5 million tonnes during the Financial Year 2024-25.**

5. വയനാട് ഉരുൾപ്പൊട്ടൽ ദുരന്തബാധിതർക്കുള്ള ടൗൺഷിപ്പ് പദ്ധതിയുടെ നിർമാണത്തിന് ഇന്ന് തുടക്കമാകും.

**Construction of the township project for the victims of the Wayanad landslide disaster will begin today.**

6. ഐ.എസ്.എസ്.എഫ് ഷൂട്ടിംഗ് ലോകകപ്പിൽ പത്ത് മീറ്റർ എയർ പിസ്റ്റൽ ഇനത്തിൽ ഇന്ത്യയുടെ സുരുചി സിങ്ങിന് സ്വർണം.

**In ISSF World Cup, India`s Suruchi Singh clinched gold in the Women's 10m Air Pistol event.**

**&&&&&&&&&&&&&&&&**

## INDIA US TRADE

2030 ആകുമ്പോഴേക്കും അമേരിക്കയുമായുള്ള ഇന്ത്യയുടെ വ്യാപാരം 50,000 കോടി ഡോളറിലെത്തുമെന്ന് പ്രതീക്ഷിക്കുന്നതായി കേന്ദ്ര സർക്കാർ. അമേരിക്ക ഏർപ്പെടുത്തിയ അധികതീരുവ ഇന്ത്യയ്ക്ക് ആശങ്കകളും ഒപ്പം അവസരങ്ങളും സൃഷ്ടിക്കുമെന്നും വാണിജ്യ, വ്യവസായ സെക്രട്ടറി സുനിൽ ബർത്ത്വാൾ ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു. ഇന്ത്യ അമേരിക്കയുമായി ഉഭയകക്ഷി വ്യാപാര കരാർ സാധ്യമാക്കാനുള്ള പരിശ്രമത്തിലാണെന്നും ഈ നീക്കം ഇരു രാജ്യങ്ങൾക്കും നിരവധി അവസരങ്ങൾ തുറക്കുമെന്നും അദ്ദേഹം പറഞ്ഞു.

**&&&&&&&&&&&&&&&&**

## JAISHANKAR NORTH EAST

"അയൽക്കാർ ആദ്യം" ഉൾപ്പെടെയുള്ള രാജ്യത്തിൻറെ പ്രധാന നയങ്ങളെല്ലാം വടക്കു-കിഴക്കൻ മേഖലയുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്ന് വിദേശകാര്യ മന്ത്രി ഡോ.എസ്.ജയ്ശങ്കർ പറഞ്ഞു. ഇന്ത്യൻ ഉപഭൂഖണ്ഡത്തിനും ആസിയാനും ഇടയിലുള്ള പാലമാണ് ഈ മേഖലയെന്നും കേന്ദ്രമന്ത്രി പറഞ്ഞു. വടക്കു-കിഴക്കൻ മേഖല വികസന മന്ത്രാലയം സംഘടിപ്പിച്ച നിക്ഷേപക ഉച്ചകോടി 2025-ന്റെ അംബാസഡർമാരുടെ യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

&&&&&&&&&&&&&&&&

## S JAISANKAR (INTRO)

പ്രധാനമന്ത്രി നരേന്ദ്ര മോദി അധികാരത്തിലേറിയ ശേഷം ലോകത്തിൻറ കാഴ്ചപ്പാടുകളിൽ മാറ്റങ്ങളുണ്ടായതായി കേന്ദ്ര വിദേശകാര്യ മന്ത്രി എസ് ജയശങ്കർ. ഗുജറാത്തിലെ സ്വകാര്യ സർവകലാശാലയിൽ സംഘടിപ്പിച്ച പരിപാടിയിൽ സംസാരിക്കുകയായിരുന്നു കേന്ദ്രമന്ത്രി.

(ഹോൾഡ് -വോയ്സ്.......)

&&&&&&&&&&&&&&&&

## PM-DENMARK PM

പ്രധാനമന്ത്രി നരേന്ദ്രമോദി ഡെന്മാർക്ക് പ്രധാനമന്ത്രി മെറ്റ് ഫ്രെഡറിക്സണുമായി ഫോൺ സംഭാഷണം നടത്തി. ഇന്ത്യയും ഡെന്മാർക്കും തമ്മിൽ വിവിധ മേഖലകളിൽ സഹകരണം വർദ്ധിപ്പിക്കുന്നതിനെക്കുറിച്ച് ഇരുനേതാക്കളും ചർച്ച ചെയ്തു.

&&&&&&&&&&&&&&&&

## INDIA - PAKISTAN WAQF

പാർലമെൻറ് പാസാക്കിയ വഖഫ് ഭേദഗതി നിയമത്തെക്കുറിച്ച് പാകിസ്ഥാൻ നടത്തിയ അടിസ്ഥാനരഹിതവുമായ പരമർശത്തോട് ശക്തമായി പ്രതികരിച്ച് ഇന്ത്യ. ഇന്ത്യയുടെ ആഭ്യന്തര കാര്യങ്ങളിൽ അഭിപ്രായം പറയാൻ പാകിസ്ഥാന് അവകാശമില്ലെന്ന് വിദേശകാര്യ വക്താവ് രൺധീർ ജയ്സ്വാൾ മാധ്യമങ്ങളോട് പ്രതികരിച്ചു. ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്ന കാര്യത്തിൽ മറ്റുള്ളവരോട് പ്രസംഗിക്കുന്നതിനുപകരം പാകിസ്ഥാൻ സ്വന്തം മോശം റെക്കോർഡ് പരിശോധിക്കുന്നതാണ് നല്ലതെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&

## MANDAVIYA-SWIGGY MOU (INTRO)

ഓൺലൈൻ ഭക്ഷ്യ വിതരണ കമ്പനിയുമായി ധാരണാപത്രം ഒപ്പുവച്ച് കേന്ദ്ര തൊഴിൽ മന്ത്രാലയം. നാഷണൽ കരിയർ സർവീസ് പോർട്ടലിലൂടെ ഗിഗ്, ലോജിസ്റ്റിക് തൊഴിൽ മേഖല ശക്തിപ്പെടുത്താൻ ലക്ഷ്യമിട്ടുള്ളതാണ് കരാർ. കേന്ദ്രമന്ത്രി മൻസൂഖ് മാണ്ഡവ്യ, കേന്ദ്ര സഹമന്ത്രി ശോഭ കരന്ദലജെ എന്നിവരുടെ സാന്നിധ്യത്തിലായിരുന്നു കരാർ ഒപ്പുവച്ചത്. തൊഴിൽ ആവശ്യമുള്ളവരെയും തൊഴിൽ ദാതാക്കളെയും പരസ്പരം ബന്ധിപ്പിക്കാൻ നാഷണൽ കരിയർ സർവീസ് പോർട്ടലിലൂടെ സാധിക്കുമെന്ന് കേന്ദ്രമന്ത്രി മൻസൂഖ് മാണ്ഡവ്യ പറഞ്ഞു.

(ഹോൾഡ് -വോയ്സ്.......)

&&&&&&&&&&&&&&&&

## SONIYA-RAHUL ED

നാഷണൽ ഹെറാൾഡ് കള്ളപ്പണം വെളുപ്പിക്കൽ കേസിൽ സോണിയ ഗാന്ധിയെയും രാഹുൽ ഗാന്ധിയെയും പ്രതിയാക്കിയ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിന്റെ നടപടി പ്രതികാര രാഷ്ട്രീയത്തിന്റെ ഭാഗമാണെന്ന് കോൺഗ്രസ് ആരോപിച്ചു. ഇ.ഡി നടപടിയിൽ ശക്തമായി പ്രതിഷേധിക്കുന്നതായി കോൺഗ്രസ് ജനറൽ സെക്രട്ടറി ജയറാം രമേശ് സാമുഹ്യമാധ്യമത്തിൽ പ്രതികരിച്ചു. ഇ.ഡി നടപടി പ്രതികാര രാഷ്ട്രീയമായി മുദ്രകുത്തുന്നത് അന്വേഷണത്തിലുള്ള കാതലായ പ്രശ്നത്തെ നിഷേധിക്കലാണെന്ന് ബിജെപി വക്താവ് നളിൻ കോഹ്ലി പ്രതികരിച്ചു.

&&&&&&&&&&&&&&&&

## HARIYANA - ED

ഹരിയാനയിലെ ഭൂമി ഇടപാടുമായി ബന്ധപ്പെട്ട കള്ളപ്പണം വെളുപ്പിക്കൽ കേസിൽ കോൺഗ്രസ് നേതാവ് പ്രിയങ്ക ഗാന്ധിയുടെ ഭർത്താവ് റോബർട്ട് വധേര എൻഫോഴ്സ്മെൻറ് ഡയറക്ടറേറ്റ് ഇന്നലെ ചോദ്യം ചെയ്തു. ഇന്ന് വീണ്ടും ചോദ്യംചെയ്യാൻ സമൻസ് അയച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&

## PRICE-INFLATION RELIEF

മാർച്ചിൽ രാജ്യമാകെയുള്ള വിലക്കയറ്റത്തോത് ഏകദേശം 6 വർഷത്തിനിടയ്ക്കുള്ള ഏറ്റവും കുറഞ്ഞനിരക്കായ 3.34 ശതമാനമായി. ഇതിനു മുമ്പ് ഇതിലും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയത് 2019 ഓഗസ്റ്റിലാണ്. 3.28 ശതമാനം. കേരളത്തിലെ വിലക്കയറ്റത്തോത് 6.59 ശതമാനമാണ്. രാജ്യത്തെ ഏറ്റവും ഉയർന്ന നിരക്കാണിത്.

&&&&&&&&&&&&&&&&

## WATERWAYS-CARGO TRAFFIC

2024-25 സാമ്പത്തിക വർഷത്തിൽ രാജ്യത്തെ ദേശീയ ജലപാതയിലൂടെയുള്ള ചരക്ക് ഗതാഗതം 14.55 കോടി ടൺ എന്ന റെക്കോർഡ് നേട്ടത്തിൽ. കഴിഞ്ഞ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് ചരക്ക് ഗതാഗതത്തിൽ 20.86 ശതമാനത്തിൻറെ വാർഷിക വളർച്ചയാണ് ഉണ്ടായതെന്ന് ഷിപ്പിങ് മന്ത്രാലയം പ്രസ്താവനയിൽ പറഞ്ഞു.

&&&&&&&&&&&&&&&&

## WAYANAD MODEL HOUSE ( INTRO)

വയനാട് ഉരുൾപൊട്ടൽ ദുരന്തബാധിതർക്കുള്ള ടൗൺഷിപ് പദ്ധതിയുടെ നിർമാണ പ്രവർത്തനങ്ങൾക്ക് ഇന്ന് തുടക്കമാകും. മാതൃക വീടിൻറെ നിർമാണമാകും ഇന്ന് ആരംഭിക്കുക.

വിശദാംശങ്ങളുമായി ആകാശവാണി വയനാട് ജില്ലാ പ്രതിനിധി **അരുൺ വിൻസെൻറ്.....**

(വോയ്സ്)

**&&&&&&&&&&&&&&&&**

## ALL PARTY MEETING

കേരളത്തിൽ, ലഹരി വിരുദ്ധ ക്യാമ്പയിനിന്റെ ഭാഗമായി മുഖ്യമന്ത്രി പിണറായി വിജയൻ വിളിച്ച യോഗങ്ങൾ ഇന്ന്. രാവിലെ മതമേലധ്യക്ഷൻമാരുടെ യോഗം നടക്കും. വൈകിട്ട് സർവകക്ഷിയോഗം ചേരും. രണ്ട് യോഗങ്ങളും ഓൺലൈനായാണ് ചേരുക.

**&&&&&&&&&&&&&&&&**

## OPERATION D-HUND

നിരോധിത മയക്കുമരുന്ന് കൈവശം വച്ചതിന് 131 കേസുകളിലായി 137പേർ അറസ്റ്റിലായി. പൊതുജനങ്ങൾക്ക് മയക്കുമരുന്ന് സംബന്ധിച്ച വിവരങ്ങൾ അറിയിക്കാൻ 24 മണിക്കൂറും പ്രവർത്തിക്കുന്ന ആന്റി നർക്കോട്ടിക് കൺട്രോൾ റൂം നിലവിലുണ്ട്. 94 97 92 77 97 എന്ന നമ്പരിൽ ബന്ധപ്പെടാം.

**&&&&&&&&&&&&&&&&**

## FILM AWARD-CM

സംസ്ഥാന ചലച്ചിത്ര അവാർഡ് വിതരണം ഇന്ന് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. വൈകിട്ട് തിരുവനന്തപുരം നിശാഗന്ധി ഓഡിറ്റോറിയത്തിലാണ് ചടങ്ങ്. സംസ്ഥാന സർക്കാരിന്റെ പരമോന്നത ചലച്ചിത്ര ബഹുമതിയായ ജെ.സി.ഡാനിയേൽ അവാർഡ് സംവിധായകൻ ഷാജി.എൻ.കരുണിന് സമ്മാനിക്കും.

&&&&&&&&&&&&&&&&

## KALAWASTHA

ഈ വർഷം തെക്കു-പടിഞ്ഞാറൻ കാലവർഷം സാധാരണയിലും കൂടിയ അളവിൽ ലഭിക്കുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ പ്രവചനം. കേരളമടക്കം ഭൂരിഭാഗം സംസ്ഥാനങ്ങളിലും സാധാരണയിലധികം മഴ കിട്ടും.

&&&&&&&&&&&&&&&&

## IMD WEATHER

രാജസ്ഥാൻ, ഗുജറാത്ത് സംസ്ഥാനങ്ങളിൽ അടുത്ത രണ്ട് ദിവസം ഉഷ്ണതരംഗ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കേരളത്തിന് പുറമേ തമിഴ്നാട്, പുതുച്ചേരി, മാഹി, കർണാടകയുടെ തീരദേശ മേഖല എന്നിവിടങ്ങളിൽ ചൂടും ഈർപ്പവുമേറിയ കാലാവസ്ഥയ്ക്ക് സാധ്യതയെന്നും മുന്നറിയിപ്പ്.

&&&&&&&&&&&&&&&&

## RAIN

കേരളത്തിൽ ശനിയാഴ്ചവരെ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ ഇടിമിന്നലോടെ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യത. ഇന്ന് പാലക്കാട് ജില്ലയിൽ 37 ഡിഗ്രിവരെയും തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശൂർ,

കോഴിക്കോട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ 36 ഡിഗ്രിവരെയും താപനില ഉയരാൻ സാധ്യതയുണ്ട്.

&&&&&&&&&&&&&&&&

## BLACK SEA

കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി കേരള തീരത്ത് ഇന്ന് രാത്രി 11.30 വരെ ഉയർന്ന തിരമാലകൾക്കും കടലാക്രമണത്തിനും സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം മുന്നറിയിപ്പ് നൽകി. മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിക്കണം.

&&&&&&&&&&&&&&&&

## ISSF SHOOTING WC

ഐഎസ്എസ്എഫ് ഷൂട്ടിങ് ലോകകപ്പിൽ മികച്ച പ്രകടനം കാഴ്ചവച്ച് ഇന്ത്യ. വനിതകളുടെ 10 മീറ്റർ എയർ പിസ്റ്റലിൽ സുരുചി സിങ്ങിന് സ്വർണം. ഇന്ത്യയുടെ തന്നെ ഒളിമ്പിക് മെഡൽ ജേതാവ് മനുഭാക്കറെയാണ് സുരുചി പരാജയപ്പെടുത്തിയത്. ഇതേ വിഭാഗത്തിൽ പുരുഷന്മാരുടെ മത്സരത്തിൽ സൗരഭ് ചൗധരി വെങ്കലം നേടി.

&&&&&&&&&&&&&&&&

## JAVELIN THROW

ചെന്നൈയിൽ നടന്ന ഇന്ത്യൻ ഓപ്പൺ അത്‌ലറ്റിക്സ് മീറ്റിൽ പുരുഷ വിഭാഗം ജാവ്ലിൻ ത്രോയിൽ യാഷ് വീർ സിംഗ് കിരീടം നേടി. ഏഷ്യൻ ഗെയിംസ് വെള്ളി മെഡൽ ജേതാവ് കിഷോർ ജെനയെ നേരിയ വ്യത്യാസത്തിൽ പരാജയപ്പെടുത്തിയാണ് നേട്ടം.

&&&&&&&&&&&&&&&&

## IPL

ഐ.പി.എൽ ക്രിക്കറ്റിൽ ഇന്നലെ നടന്ന മത്സരത്തിൽ പഞ്ചാബ് കിംഗ്സ് കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെ 16 റൺസിന് പരാജയപ്പെടുത്തി. 112 റൺസ് വിജയലക്ഷ്യം പിന്തുടർന്ന കൊൽക്കത്ത പതിനാറാം ഓവറിൽ 95 റൺസിന് എല്ലാവരും പുറത്തായി. ഐ.പി.എൽ ചരിത്രത്തിലെ ഇതുവരെയുള്ള ഏറ്റവും കുറഞ്ഞ സ്കോറാണിത്. ഇന്ന് ഡൽഹി ക്യാപിറ്റൽസ് രാജസ്ഥാൻ റോയൽസിനെ നേരിടും.

&&&&&&&&&&&&&&&&

## OLYMPICS CRICKET VENUE

2028-ലെ ലൊസ് ആഞ്ചലസ് ഒളിമ്പിക്സിൽ, തെക്കൻ കലിഫോർണിയയിലെ പൊമോണയിൽ ക്രിക്കറ്റ് മത്സരങ്ങൾക്ക് വേദിയാകും. 1900-ലെ പാരീസ് ഒളിമ്പിക്സിനു ശേഷം ഒരു നൂറ്റാണ്ടിലേറെ കാലം കഴിഞ്ഞാണ് ക്രിക്കറ്റ് മത്സരം ഒളിമ്പിക്സിൽ ഇടം പിടിക്കുന്നത്. പുരുഷ, വനിതാ വിഭാഗങ്ങളിലായി ആറ് ടീമുകൾ വീതമുള്ള ടി-20 മത്സരമാണ് ലൊസ് ആഞ്ചലസ് ഒളിമ്പിക്സിൽ ഉണ്ടാവുക.

&&&&&&&&&&&&&&&&

## ATHIRAPILLY-CONFLICT

അതിരപ്പിള്ളിയിൽ വന്യജീവി ആക്രമണത്തിൽ മരിച്ചവരുടെ ആശ്രിതർക്ക് സംസ്ഥാന സർക്കാർ 10 ലക്ഷം രൂപ ധനസഹായം നൽകും. അടിയന്തര ധനസഹായമായി അഞ്ചു ലക്ഷം രൂപ കൈമാറി. മരിച്ചവരുടെ ബന്ധുക്കളെ കലക്ടർ അർജുൻ പാണ്ഡ്യൻ സന്ദർശിച്ചു. കാട്ടാന ആക്രമണങ്ങളിൽ പ്രതിഷേധിച്ച് ജനകീയ കൂട്ടായ്മ ഇന്ന് മേഖലയിൽ ഹർത്താൽ ആചരിക്കുന്നു.

&&&&&&&&&&&&&&&&&&&&&&&&&&